# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6139

09/07/2013 - ൽ മറുപടിക്ക്

## ആധുനിക മത്സ്യ മാർക്കറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ; | (എ) നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ 90% ധനസഹായത്തോടെ സംസ്ഥാനത്തുടനീളം 53 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇതിനായി 29 മാർക്കറ്റുകളുടെ പദ്ധതി തയ്യാറാക്കി അംഗീകാരം നൽകികഴിഞ്ഞു. ബാക്കി 24 മാർക്കറ്റിന്റെ പദ്ധതി തയ്യാറാക്കി നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന് നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) മത്സ്യവിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആധുനികവും ശുചിത്വപൂർണ്ണവുമായ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇതിലൂടെ ഗുണഭോക്താക്കൾക്ക് വൃത്തിയുള്ള |

സാഹചര്യത്തിൽ ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കാൻ കഴിയും. മത്സ്യവിപണന തൊഴിലാളികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ കഴിയുന്നു.

(സി) പദ്ധതിക്കായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) അംഗീകാരം ലഭിച്ച 29 ആധുനിക മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനായുള്ള അടങ്കൽ തുക 5628.17 ലക്ഷം രൂപയാണ്. ഇതിൽ 4705.694 ലക്ഷം രൂപ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ വിഹിതവും 903.138 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്.

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

(ഡി) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന 53 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകളിൽ 29 എണ്ണം അംഗീകാരം നൽകി കഴിഞ്ഞു. ഇവയിൽ 2 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി മാർക്കറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ബാക്കി 24 മാർക്കറ്റ് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സാധ്യതാപഠനം നടത്തി പ്രൊപ്പോസൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.